# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനവരി 3

# വാർത്താക്കുറിപ്പ്

## സർവകലാശാലകളിൽ യഥാർഥ സ്വയംഭരണം സാധ്യമാക്കാൻ നിയമപരമായ അധികാരം വിനിയോഗിക്കും: ഗവർണർ

സർവകലാശാലകളിൽ യഥാർഥ സ്വയംഭരണം സാധ്യമാക്കുന്നതിന് തന്നിൽ നിക്ഷിപ്തമായ എല്ലാനിയമപരമായ അധികാരങ്ങളും വിനിയോഗിക്കുമെന്ന് ഗവർണറും ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻപറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ സിൻഡിക്കേറ്റംഗങ്ങളുമായും അധ്യാപകരുമായും കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

സർവകലാശാലകളെ രാജ്യാന്തരനിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. വൈസ് ചാൻസലർമാരെ ശക്തിപ്പെടുത്താനും സർവകലാശാലകളിൽ യഥാർഥസ്വയംഭരണം സാധ്യമാക്കാനുമാണ് ശ്രമം. സ്റ്റാറ്റിയൂട്ടും നിയമവുമനുസരിച്ച് പ്രവർത്തിക്കാനാണ് എല്ലാ വൈസ് ചാൻസലർമാർക്കും നിർദേശം നൽകിയിട്ടുള്ളത്. ഇതിനു വിഘാതമാകുന്ന വിഷയങ്ങൾ ചാൻസലറുടെ പരിഗണനയ്ക്ക് വിടാവുന്നതാണ്. ശാസ്ത്രവിഷയങ്ങൾക്കൊപ്പം സാമൂഹികശാസ്ത്രവിഷയങ്ങളും മുഖ്യമാണെന്ന ചിന്താഗതി രൂപപ്പെട്ടിട്ടുണ്ട്. പ്രശസ്തമായ സ്ഥാപനങ്ങളിൽനിന്ന് ബിരുദം നേടിയെത്തുന്ന യുവജനങ്ങൾ തുല്യത സർട്ടിഫിക്കറ്റിനായി മാസങ്ങളോളം ഓഫീസുകൾ കയറിയിറങ്ങുന്നത് അംഗീകരിക്കാനാവില്ല. മഹാത്മാഗാന്ധി സർവകലാശാലയുടെ നേട്ടങ്ങൾ ശ്രദ്ധേയമാണ്. വൈസ്ചാൻസലർ പ്രൊഫ. സാബു തോമസ് രാജ്യത്തിനു തന്നെ അഭിമാനമായ പ്രമുഖശാസ്ത്രജ്ഞനാണെന്നും അദ്ദേഹത്തിന്റെ കഴിവിൽ പൂർണവിശ്വാസമുണ്ടെന്നും ഗവർണർ പറഞ്ഞു.

ഗവർണർ അധ്യാപകരോടും സിൻഡിക്കേറ്റ് അംഗങ്ങളോടും സംവദിച്ചു. അധ്യാപകർ ഉന്നയിച്ചവിവിധ വിഷയങ്ങളിൽ ഗവർണർ മറുപടി നൽകി. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോവൈസ്ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവർ ചേർന്ന് ഗവർണറെ സ്വീകരിച്ചു.

സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയിലെ വിവിധ ലാബുകൾ ഗവർണർ സന്ദർശിച്ചു. അന്തർ സർവകലാശാല ജൈവ-സുസ്ഥിര കൃഷികേന്ദ്രത്തിന്റെ ജൈവകൃഷിയിടവും സന്ദർശിച്ചു. രാവിലെ 11.30ന് സർവകലാശാലകാമ്പസിലെത്തിയ ഗവർണർ 1.45നാണ് മടങ്ങിയത്.

### ഫോട്ടോ കാപ്ഷൻ

**1. മഹാത്മാഗാന്ധി സർവകലാശാലയിലെത്തിയ ഗവർണറും ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാനെ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.**

**2. മഹാത്മാഗാന്ധി സർവകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുമായും അധ്യാപകരുമായും നടത്തിയ കൂടിക്കാഴ്ചയിൽ ഗവർണറും ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻ സംസാരിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ എന്നിവർ സമീപം**

**3. മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യവർ ആൻഡ് അപ്ലൈഡ് ഫിസിക്സിലെ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി ലാബ് സന്ദർശിക്കാനെത്തിയ ഗവർണറും ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻ തനിക്ക് ഉപഹാരമായി ലഭിച്ച രാസമൂലകങ്ങളുടെ പീരിയോഡിക് പട്ടിക ആലേഖനം ചെയ്ത മഗ് പരിശോധിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, ഡയറക്ടർ പ്രൊഫ. നന്ദകുമാർ കളകരിക്കൽ എന്നിവർ സമീപം.**

**4. മഹാത്മാഗാന്ധി സർവകലാശാലയിലെ അന്തർ സർവകലാശാല ജൈവ-സുസ്ഥിര കൃഷി കേന്ദ്രത്തിന്റെ ജൈവകൃഷിയിടം ഗവർണറും ചാൻസലറുമായ ആരിഫ് മുഹമ്മദ് ഖാൻ സന്ദർശിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ എന്നിവർ സമീപം.**

(പി.ആർ.ഒ/38/8/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. കഥകളി ചെണ്ട (2019 അഡ്മിഷൻ റഗുലർ/2017, 2018 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി ഏഴ്, 10 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/38/9/2020)

## പരീക്ഷഫലം

2019 മെയിൽ നടന്ന രണ്ടാം വർഷ ബാച്ചിലർ ഓഫ് സയൻസ് ഇൻ മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി (2016 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/10/2020)

2019 ജൂലൈയിൽ നടന്ന നാല്, ആറ് സെമസ്റ്റർ ബി.ടെക് (സീപാസ് കോളേജുകൾ - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/11/2020)

2019 മെയിൽ നടന്ന ഏഴ്, എട്ട് സെമസ്റ്റർ ബി.ആർക് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/12/2020)

2019 ജൂണിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ (ജനറൽ സോഷ്യൽ സയൻസസ് - 2014 അഡ്മിഷൻ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/13/2020)

2018 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/14/2020)

2019 ഫെബ്രുവരിയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ് രജിസ്ട്രേഷൻ - നാലാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/15/2020)

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിന്ദി (പ്രൈവറ്റ് രജിസ്ട്രേഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 16 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/16/2020)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.എ. (സി.ബി.സി.എസ്. - മോഡൽ 1, 2, 3 - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനവരി 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/17/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ